**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 983** **18-09-2025 - ൽ മറുപടിയ്ക്ക്**

**നരിക്കോട്, ചെന്നപ്പൊയിൽ പന്ന്യോട് പ്രദേശങ്ങളിൽ കാട്ടാന ശല്യം പരിഹരിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ ആദിവാസി മേഖലകളായ നരിക്കോട്, ചെന്നപ്പൊയിൽ പന്ന്യോട് പ്രദേശങ്ങളിലും പരിസരങ്ങളിലുമായുള്ള ജനവാസകേന്ദ്രങ്ങളിൽ കാട്ടാനകൾ ഇറങ്ങുന്നത് ജനങ്ങളിൽ ഭീതിയുയർത്തുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ണൂർ വനം ഡിവിഷനിലെ കണ്ണവം റെയിഞ്ച് പരിധിയിലെ ആദിവാസി മേഖലകളായ നരിക്കോട് ചെന്നപ്പൊയിൽ പന്ന്യോട് പ്രദേശങ്ങളിലെയും പരിസര പ്രദേശങ്ങളിലെയും ജനവാസ മേഖലകളിൽ കാട്ടാനകൾ ഇറങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾതന്നെ ആനകളെ ഉൾക്കാട്ടിലേക്ക് തിരികെ അയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത പ്രദേശങ്ങളിലെ കാട്ടാന ശല്യം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | മേൽ സ്ഥലങ്ങളിൽ കാട്ടാന സാന്നിദ്ധ്യം ഉണ്ടായ അവസരത്തിൽ തന്നെ ബഹു.എം.എൽ.എ യുടെ നേതൃത്വത്തിൽ ജനജാഗ്രത സമിതി ചേരുകയും കാട്ടാനകളെ ഉൾക്കാട്ടിലേക്ക് തിരിച്ചയക്കുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്യുകയുമുണ്ടായിട്ടുണ്ട്. ആദിവാസി ഉന്നതികളിൽ കാട്ടാനകൾ ഇറങ്ങി പ്രശനങ്ങൾ സൃഷ്ടിക്കുന്നത് ഒഴിവാക്കുന്നതിനായി നൈറ്റ് പട്രോളിംഗ് ശക്തമാക്കുകയും ഫീൽഡ് ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തി അവയെ ഉൾക്കാട്ടിലേയ്ക്ക് തിരിച്ചയച്ചിട്ടുമുണ്ട്. |
| (സി) | പ്രസ്തുത പ്രദേശങ്ങളിൽ വനം വകുപ്പ് സ്ഥാപിച്ച 3 കിലോമീറ്റർ സോളാർ ഹാംഗിംഗ് ഫെൻസിംഗ് നിലവിലുണ്ടെങ്കിലും കാട്ടാനകളെ തടയുന്നതിന് അത് പര്യാപ്തമല്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | നിലവിൽ പ്രസ്തുത പ്രദേശത്ത് മൂന്ന് കിലോമീറ്റർ ദൂരത്തിലാണ് സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ ആന പ്രതിരോധം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നരിക്കോട് ചെന്നപ്പൊയിൽ മേഖലകളിൽ ഒൻപത് കിലോമീറ്റർ ദൂരത്തിൽ സോളാർ തൂക്കുവേലി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | നിലവിലുള്ള ഫെൻസിംഗിനോട് ചേർന്ന് 5 കിലോമീറ്റർ സോളാർ ഹാംഗിംഗ് ഫെൻസിംഗ് സ്ഥാപിക്കുന്നതിനായി വനം വകുപ്പ് സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരമുള്ള ഫണ്ട് അനുവദിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ ? | (ഡി) | പ്രസ്തുത അഞ്ച് കിലോമീറ്റർ സോളാർ തൂക്കുവേലി സ്ഥാപിക്കുന്നതിനുള്ള അടങ്കൽ തയ്യാറാക്കി സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ